**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3557** **15-02-2024 - ൽ മറുപടിയ്ക്ക്**

**അന്യാധീനപെട്ടുപോയ പഞ്ചായത്തുഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കാലാകാലങ്ങളായി വിവിധ കാരണങ്ങളാൽ ഒട്ടേറെ പഞ്ചായത്തുഭൂമി അന്യാധീനപ്പെട്ടുപോയിട്ടുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ മലപ്പുറം ജില്ലയിൽ അന്യാധീനപ്പെട്ടുപോയ സ്ഥലങ്ങൾ സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | വള്ളിക്കുന്ന് മണ്ഡലത്തിലെ പള്ളിക്കൽ ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതും ഐ.പി.പി. സെന്ററിന് വേണ്ടി കെട്ടിടം നിർമ്മിച്ചതും ഇപ്പോൾ ഗ്രാമ പഞ്ചായത്തിലെ ഒരു അങ്കണവാടി പ്രവർത്തിക്കുന്നതുമായ കുന്നുൾമാടിലെ പി.എച്ച്.സി. ഡോർമിറ്ററി എന്ന പേരിലുള്ള കെട്ടിടം നിലനിൽക്കുന്ന കൊണ്ടോട്ടി പള്ളിക്കൽ വില്ലേജിൽ ബ്ലോക്ക് 10 ൽ റീ.സ. നമ്പർ 414/2 ൽ പ്പെട്ട ഭൂമി സംബന്ധിച്ച് ഒരു സ്വകാര്യ വ്യക്തി അവകാശവാദം ഉന്നയിച്ചതിനാൽ അവിടെ ഗ്രാമ പഞ്ചായത്ത് സ്ഥാപനങ്ങൾ നടത്തുന്നതിന് തടസ്സം നേരിട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | പള്ളിക്കൽ ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ളതും, പള്ളിക്കൽ വില്ലേജ് ബ്ലോക്ക് 10 റീ.സ.414/2-ൽപ്പെട്ട 35 സെന്റ് സ്ഥലത്ത് ഐ.പി.പി.സ്കീം പ്രകാരം ഏകദേശം 1984-85 വർഷത്തിൽ നിർമ്മിക്കപ്പെട്ട പി.എച്ച്.സി.ഡോർമെട്ടി കെട്ടിടത്തിന്റെ ഒരു മുറിയിൽ കുനോൾമാട് അങ്കണവാടി പ്രവർത്തിച്ചുവരുന്നതും ടി കോമ്പൗണ്ടിൽ ഹാളുകളായി നിർമ്മിച്ചിട്ടുള്ള മറ്റ് കെട്ടിടത്തിൽ പഞ്ചായത്ത് എം.സി.എഫ് ആരംഭിക്കാൻ തീരുമാനിച്ചിരുന്നുവെങ്കിലും പരിസരവാസികളുടെ എതിർപ്പിനെത്തുടർന്ന് ആയത് ഉപേക്ഷിക്കുകയുണ്ടായി. |
| (സി) | പ്രസ്തുത സ്ഥലത്തിന്റെ നികുതി പരാതിക്കാരൻ 2021 മുതൽ അടച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് അടവാക്കിയ റവന്യൂ ഉദ്യോഗസ്ഥനെതിരെ നടപടിക്ക് ഗ്രാമപഞ്ചായത്ത് ശിപാർശ ചെയ്തിട്ടുണ്ടോ; റവന്യൂ വകുപ്പിന്റെ മേൽ നടപടി റദ്ദ് ചെയ്യുന്നതിന് സർക്കാർ തലത്തിൽ ഇടപെടലുകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | മലപ്പുറം ജില്ല കൊണ്ടോട്ടി താലൂക്കിൽ പള്ളിക്കൽ വില്ലേജിൽ ബ്ലോക്ക് നമ്പർ 10, റീസർവ്വേ 414/2 ൽപ്പെട്ട 0.7068 ഹെക്ടർ ഭൂമി ബി.റ്റി.ആർ പ്രകാരം സ്വകാര്യ വ്യക്തികളുടെ കൈവശത്തിലുള്ളതാണ്. ആയതിൽ 0.5230 ഹെക്ടർ ഭൂമിക്ക് 11 തണ്ടപ്പേരുകളിലായി സ്വകാര്യ വ്യക്തികൾ നികുതി അടവാക്കി വരുന്നതും ബാക്കിയുള്ള 0.1838 ഹെക്ടർ ഭൂമി ഇനി നികുതി അടവാക്കാനുള്ളതുമാണ്. ടി ഭൂമി സംബന്ധിച്ച് പരപ്പനങ്ങാടി മുൻസിഫ് കോടതിയിൽ OS 56/2022, IA 3/2022 കേസ് നിലവിലുണ്ട്. ടി നികുതി സ്വീകരിച്ച റവന്യൂ ഉദ്യോഗസ്ഥർക്കെതിരെ നടപടിക്ക് വേണ്ടി പള്ളിക്കൽ ഗ്രാമപഞ്ചായത്ത് ശുപാർശ ചെയ്തിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | ഈ സ്ഥലത്തെക്കുറിച്ചും നാശോൻമുഖമായ കെട്ടിടത്തെക്കുറിച്ചും 30.10.21 ന് ചേർന്ന ജില്ലാവികസനസമിതി യോഗനിർദേശത്തെ തുടർന്ന് എച്ച്.എം.സി. നൽകിയ അറിയിപ്പ് ഗ്രാമ പഞ്ചായത്തിന് ലഭിച്ചിരുന്നോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ? | (ഡി) | എച്ച്.എം.സി. അറിയിപ്പ് ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ